പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4385** — **25.06.2019-ൽ മറുപടിക്ക്**

**കൊണ്ടാഴി-കുത്താമ്പുള്ളി പാലം**

**ചോദ്യം**

**ശ്രീ.യു.ആർ.പ്രദീപ്**

(എ) 2016-17 സാമ്പത്തിക വർഷം ബജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചതും 19 കോടി രൂപയുടെ പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതുമായ ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടാഴി-കുത്താമ്പുള്ളി പാലം നിർമ്മാണപ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

ബി) നിർദ്ദിഷ്ട പാലം നിർമ്മാണ പ്രവൃത്തിയുടെ അപ്രോച്ച് റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ ഇതിന് എന്താണ് തടസ്സമെന്നറിയിക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് (പാലങ്ങൾ വിഭാഗം) ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കിഫ്ബിയിൽ നിന്ന് 19 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ച കൊണ്ടാഴി കുത്താംപ്പുള്ളി പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തീകരിച്ചതിന് ശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) & (സി) നിർദ്ദിഷ്ട പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി തഹസിൽദാരിൽ നിന്നും ലഭ്യമാക്കിയ കണ്ടിജൻസി ചാർജ്ജിനുള്ള അപേക്ഷ കിഫ്ബിയിൽ ഉടൻ തന്നെ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതാണ്. കൂടാതെ റവന്യൂ വകുപ്പിൽ നിന്ന് സ്ഥലമെടുപ്പിനായുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് ലഭ്യമായാൽ മാത്രമേ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ